**കേരള സർക്കാർസംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - പ്രളയക്കെടുതികളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുള്ള പുനരധിവാസം - ദുരന്തബാധിതർക്ക് സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ)നം.**527/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **05/10/2018**

---

പരാമർശം:- 1. സ.ഉ(എം.എസ്)നം.7/2018/ഡി.എം.ഡി. തീയതി 21.06.2018.
2. സ.ഉ(എം.എസ്)നം.18/2018/ഡി.എം.ഡി. തീയതി 03.09.2018.

**ഉത്തരവ്**

2018-ലെ പ്രളയക്കെടുതികളുടെ ഭാഗമായി സംസ്ഥാനത്ത് നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. പൂർണ്ണമായും തകർന്നതോ (fully damaged), വാസയോഗ്യം അല്ലാതായതോ (severely damaged - greater than 75%) ആയ ഒരു വീടിന്, ദുരന്ത ബാധിതർ പുതുതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൊത്തമായി നാല് ലക്ഷം രൂപ ആശ്വാസ ധനസഹായം പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി.

2) പ്രളയക്കെടുതിയുടെ ഭാഗമായി നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പ് വിവരശേഖരണം നടത്തി ബന്ധപ്പെട്ട ജില്ലാകലക്ടർമാർക്ക് വിവരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമായിട്ടുള്ള ജില്ലകളിൽ വീട് നഷ്ടപ്പെട്ട ദുരന്ത ബാധിതരിൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഉള്ളവരും സ്വന്തമായി വീട് വയ്ക്കാൻ സന്നദ്ധരായിട്ടുള്ളതുമായ ആളുകൾക്ക്, പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ചിരുന്ന ആശ്വാസ ധനസഹായമായ നാല് ലക്ഷം രൂപ അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3) ഇപ്രകാരം വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരാകുന്നവർക്ക്, സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷത്തിന് ഉപരിയായ തുക ചെലവാകുന്നപക്ഷം, പ്രസ്തുത തുക ഗുണഭോക്താവ് തന്നെ വഹിക്കേണ്ടതാണ്. അതോടൊപ്പം വീട് വയ്ക്കുന്നതിനുള്ള സ്ഥലം, ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശം, വൻതോതിൽ പ്രളയം ബാധിച്ച ശേഷം വാസയോഗ്യമല്ലാതായ ഭൂമി എന്നിവയല്ല എന്ന് ജില്ലാകലക്ടർമാർ ആവശ്യമെങ്കിൽ വിദഗ്ധ പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. സ്വന്തം സ്ഥലത്ത് സ്വന്തമായി വീട് നിർമ്മിക്കുന്നതിന് സന്നദ്ധരായ ഗുണഭോക്താക്കളിൽ നിന്ന് ജില്ലാകളക്ടർമാർ നിശ്ചിത മാതൃകയിലുള്ളതും ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ളതുമായ രീതിയിലുള്ള അപേക്ഷാ ഫോറം/ സമ്മതപത്രം ഗുണഭോക്താവിൽ നിന്നും വാങ്ങേണ്ടതാണ്.

4) പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള തുക ഗുണഭോക്താക്കളിൽ നിന്നുള്ള നിശ്ചിത അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, വീട് നിർമ്മാണത്തിനായി അനുവദിക്കേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുകയുടെ 50%, വീട് നിർമ്മാണത്തിന്റെ 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50%, വീട് നിർമ്മാണത്തിന്റെ 75% പൂർത്തീകരിച്ചശേഷവും അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ (സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സമ്മതപത്രം

2018-ലെ പ്രളയക്കെടുതികളുടെ ഭാഗമായി വീട് നഷ്ടപ്പെട്ട ---------------------------- ജില്ലയിലെ --------------------------- താലൂക്കിലെ -------------------------- വില്ലേജിലെ ------------------------ എന്ന സ്ഥലത്തെ ---------------------------വിലാസത്തിൽ സ്ഥിര താമസക്കാരനായ ----------------------------(പേര്) എന്ന ഞാൻ ------------------------------ ജില്ലാകളക്ടർ മുമ്പാകെ സമർപ്പിക്കുന്ന സമ്മതപത്രം.

പ്രളയക്കെടുതികളുടെ ഭാഗമായി എന്റെ വാസഗൃഹം നഷ്ടപ്പെട്ടു. എനിക്ക് വാസയോഗ്യമായ ഭൂമി ഉണ്ട്. പ്രസ്തുത ഭൂമിയിൽ ഞാൻ നേരിട്ട് വീട് നിർമ്മിക്കുന്നതിന് ആഗ്രഹിക്കുന്നു. ആയതിന് 21/06/2018-ലെ സ.ഉ(കൈ)നം.7/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ സഹായമായ നാല് ലക്ഷം രൂപ അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുന്നു. വീട് വയ്ക്കുന്നതിന് പ്രസ്തുത തുകയായ നാല് ലക്ഷത്തിൽ അധികരിക്കുന്ന തുക ഞാൻ സ്വയം വഹിക്കുന്നതാണെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.